(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ദേശീയ ജലവികസന ഏജൻസിയുടേയും കേരള സർക്കാരിന്റേയും പ്രതിനിധികൾ പ്രസ്തുത നദികളിലെ ജലലഭ്യതയെക്കുറിച്ച് ഒരു സംയുക്ത പഠനം നടത്താൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇങ്ങനെയൊരു പഠനം നടത്താൻ കേരളം ഉദ്ദേശിക്കുന്നില്ല.

(എച്ച്) ഇല്ല.

തോടുകളുടെ സംരക്ഷണത്തിന് നടപടി

*6 [873] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻബാബു:
,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണത്തിന് സർക്കാർ കൈക്കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കൈയേറ്റവും മണ്ണിടിച്ചിലുംമൂലം തോടുകൾ നശിച്ചുപോകുന്നത് പരിഗണിച്ച് ഇവയെ സംരക്ഷിക്കാൻ പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുതോടുകൾ നികത്തപ്പെടുന്നത് തടയാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പരമ്പരാഗത ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ തോടുകളുടെ സംരക്ഷണത്തിന് നബാർഡ് സഹായത്തോടുകൂടിയ പദ്ധതികൾ, വെള്ളപ്പൊക്ക കെടുതികളുടെ നിവാരണം, പദ്ധതി സംരക്ഷണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, തോടുകളുടെ ആഴം കൂട്ടൽ, പാർശ്വഭിത്തി നിർമ്മാണം, ക്രോസ്ബാർ നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് നടന്നുവരുന്നത്. കൂടാതെ ജലനിർഗ്ഗമ-ഗതാഗത മാർഗ്ഗങ്ങളായ നീലേശ്വരം മുതൽ പയ്യന്നൂർ വരെയുള്ള ഭാഗങ്ങളുടെ സംരക്ഷണം, ആഴം കൂട്ടൽ, ബോട്ടുജട്ടികളുടെ അറ്റകുറ്റ പണികൾ എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ ജലഗതാഗത മാർഗ്ഗത്തിലുള്ള ഫീഡർ കനാലുകളുടെ വികസനത്തിനുള്ള പദ്ധതികൾ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ആവിഷ്കരിച്ചു വരുന്നു.

(ബി) പരിശോധിക്കുന്നതാണ്.

(സി) നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ചെറുതോടുകൾ നികത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് തടയുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly